# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

നം. പി.ആർ. 270/2024 തിരുവനന്തപുരം, തീയതി: 04/12/2024

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

കേരളസർവകലാശാല 2024 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്.ഡബ്യൂ. (ഡിസാസ്റ്റർ മാനേജ്മെന്റ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2024 ഡിസംബർ 09 വരെ www.slcm.keralauniversity.ac.in മുഖേന ഓൺലൈനായി അപേക്ഷിക്കാം. വിദ്യാർത്ഥികളുടെ അപേക്ഷാഫീസ് SLCM ഓൺലൈൻ പോർട്ടൽ മുഖേന മാത്രമേ സ്വീകരിക്കുകയുള്ളു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

### പ്രാക്ടിക്കൽ

കേരളസർവകലാശാല 2024 സെപ്റ്റംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്‌സി. സ്റ്റാറ്റിസ്റ്റിക്സ് പരീക്ഷയുടെ പ്രാക്ടിക്കൽ 2024 ഡിസംബർ 5, 6 തീയതികളിൽ നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

### ടൈംടേബിൾ

കേരളസർവകലാശാല 2024 ഡിസംബറിൽ നടത്തുന്ന അഞ്ചാം സെമസ്റ്റർ ബി.എ./ ബി.എസ്‌സി./ബി.കോം. ന്യൂജനറേഷൻ ഡബിൾ മെയിൻ (റെഗുലർ – 2022 അഡ്മിഷൻ, സപ്ലിമെന്ററി – 2021 & 2020 അഡ്മിഷൻ) പരീക്ഷ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

### ഹാൾടിക്കറ്റ്

കേരളസർവകലാശാലയുടെ അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ് ബി.എ/ബി.എസ്.സി/ബി.കോം ഡിസംബർ 2024 പരീക്ഷയുടെ ഹാൾടിക്കറ്റുകൾ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. ഡിസംബർ 5 മുതൽ അതാത് പരീക്ഷാ കേന്ദ്രങ്ങളിൽ നിന്ന് ഹാൾ ടിക്കറ്റ് ലഭ്യമാകുന്നതാണ്. ഹാജർ നിലയിൽ കുറവുള്ള എന്നാൽ കണ്ടോണേഷന് അർഹരായ വിദ്യാർത്ഥികൾക്ക് ഉത്തരവാകുന്ന മുറയ്ക്ക് ഹാൾ ടിക്കറ്റ് റിലീസ് ചെയ്യുന്നതാണ്.

### യു.ജി.സി. CARE ലിസ്റ്റിൽ ഉൾപ്പെട്ട ജേർണലുകൾക്ക് ധനസഹായത്തിനുള്ള അപേക്ഷ

കേരളസർവകലാശാല ബഡ്ജറ്റ് 2024-2025 ൽ വിഭാവനം ചെയ്തിട്ടുള്ള പ്രകാരം സർവകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിൽ നിന്ന് പ്രസിദ്ധീകരിച്ച യു.ജി.സി. CARE ലിസ്റ്റിൽ ഉൾപ്പെട്ട ജേർണലുകൾക്ക് ധനസഹായം നൽകി പ്രോത്സാഹിപ്പിക്കുന്നതിനായി 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സർവകലാശാലയോട് അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജുകളിലെ പ്രിൻസിപ്പൽമാർ നിശ്ചിത മാതൃകയിൽ 2024 ഡിസംബർ 15 ന് മുൻപ്

പ്രസ്തുത അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. നോട്ടിഫിക്കേഷൻ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)


**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in



*University information is available on* 9188526670, 9188526671, 9188526674, 9188526675
**Whats App No. 8547330240**